B

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

5001

# വാർഷിക മൂല്യനിർണയം 2017-18

## കല, പ്രവൃത്തി, ആരോഗ്യകായിക വിദ്യാഭ്യാസം

ക്ലാസ്സ് : 5 | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം, ആരോഗ്യകായികവിദ്യാഭ്യാസം എന്നീ വിഷയങ്ങളെ മൂന്നു വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
3. കലാവിദ്യാഭ്യാസത്തിലെ നാലു മേഖലകളിൽ ഏതെങ്കിലും ഒരു മേഖല തെരഞ്ഞെടുത്ത് ആ മേഖലയിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.
4. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തണം.
5. മൂന്ന് വിഭാഗങ്ങൾക്കായി ആകെ 2 മണിക്കൂർ സമയം അനുവദിക്കും. ഓരോ വിഷയത്തിനും 40 മിനുട്ട് വീതമാണ് ലഭിക്കുന്നത്.

## കലാവിദ്യാഭ്യാസം


**മേഖല - ചിത്രകല**

1)

അഖിലയുടെ വീട്ടിൽ നിറയെ പൂക്കളുള്ള ഒരു പൂച്ചെടി ഉണ്ട്. അതിൽ ഓരോ പൂവും വ്യത്യസ്ത നിറങ്ങളിൽ ഉള്ളതാണ്. നിങ്ങൾ അഖില കണ്ട പൂച്ചെടി വരക്കുക. ഇലകൾക്ക് പച്ച നിറം ആയിരിക്കുമല്ലോ. എന്നാൽ പൂക്കൾക്ക് 'പ്രാഥമിക വർണ്ണങ്ങൾ' മാത്രം കൊടുത്ത് മനോഹരമാക്കുക. നല്ല വലുപ്പത്തിലും വൃത്തിയായും വരക്കണേ.............

2)

താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ ത്രിമാനത്വമുള്ള ചിത്രം ഏതെന്ന് കണ്ടെത്തി വരക്കുക



3)

കമ്പ്യൂട്ടർ ഉപയോഗിച്ച് ചിത്രരചന നടത്തുന്ന സോഫ്ട് വെയർ താഴെ പറയുന്നവയിൽ ഏതാണ്?

(ചുമർചിത്രരചന, ജിംപ്, ആനിമേഷൻ, രേഖാചിത്രരചന)

മേഖല - *സംഗീതം*

1. a. നമ്മുടെ ദേശീയ ഗീതമായ 'വന്ദേമാതര'ത്തിന്റെ രചയിതാവ് ആര്?
   (രവീന്ദ്രനാഥ ടാഗോർ, ഗോപാലകൃഷ്ണ ഭാരതി, ബങ്കിംചന്ദ്ര ചാറ്റർജി, രാംസിംഗ് ടാക്കൂർ)
   b. 'ഗാനഗന്ധർവ്വൻ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന മലയാള സിനിമാ പിന്നണി ഗായകൻ?
   (പി. ഉണ്ണികൃഷ്ണൻ, ജി. വേണുഗോപാൽ, ഡോ. കെ.ജെ. യേശുദാസ്, ഉണ്ണിമേനോൻ)
   c. വായു കടത്തിവിട്ട് ശബ്ദം പുറപ്പെടുവിക്കുന്ന വാദ്യോപകരണങ്ങൾ ഏതു പേരിൽ അറിയപ്പെടുന്നു?
   (സുഷിരവാദ്യം, തന്ത്രിവാദ്യം, തുകൽവാദ്യം, ലോഹവാദ്യം)

ശരിയുത്തരം എഴുതുക.

2 സപ്തസ്വരങ്ങളിൽ 'പ' എന്ന സ്വരത്തിന്റെ പൂർണ്ണരൂപം എഴുതുക?

3 സപ്ത സ്വരങ്ങൾ താഴ്ന്ന സ്വരത്തിൽ നിന്നും ഉയർന്ന സ്വരത്തിലേക്ക് ക്രമമായി പാടുന്ന രീതിയെ എന്തു പറയുന്നു?

4 താഴെ കൊടുത്ത വാദ്യോപകരണങ്ങളുടെ ചിത്രങ്ങളിൽ നിന്നും കേരളീയ വാദ്യോപകരണങ്ങൾ കണ്ടെത്തുക (രണ്ടെണ്ണം എഴുതുക)






5. വ്യത്യസ്ത താളത്തിലുള്ള മൂന്ന് വായ്ത്താരികൾ എഴുതുക

6. പ്രീത ടീച്ചർ ഭാഷാപഠനക്ലാസ്സിൽ പരിചയപ്പെടുത്തിയ ഓമനത്തിങ്കൾക്കിടാവോ എന്ന ഗാനത്തെക്കുറിച്ച് കേട്ടപ്പോഴാണ് സ്നേഹക്ക് സിനിമയിൽ ഇതേ ഭാവമുള്ള ചില ഗാനങ്ങൾ കേട്ടതോർമ്മ വന്നത്. താരാട്ടിന്റെ ഈണവും ഭാവവുമുള്ള പരിചിതമായ ഏതാനും ഗാനങ്ങൾ കുറിക്കുക.

   (5 ഗാനങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. സിനിമാഗാനങ്ങൾ, നാടകഗാനങ്ങൾ, ലളിതഗാനങ്ങൾ ഏതുമാവാം)

മേഖല - നൃത്തം

1. a) റിപ്പബ്ലിക് ദിനവുമായി ബന്ധപ്പെട്ട് നിങ്ങളുടെ ക്ലാസിൽ നൃത്തശില്പാവതരണം നടന്നിട്ടുണ്ടാവുമല്ലോ? നൃത്തശില്പാവതരണം വിലയിരുത്തുവാനുള്ള ഏതെങ്കിലും രണ്ടു വിലയിരുത്തൽ സൂചകങ്ങൾ എഴുതുക.
   b) നൃത്തത്തിൽ കൈവിരലുകൾ ഉപയോഗിച്ച് ആശയവിനിമയം നടത്തുന്നതിന് പറയുന്ന പേരെന്ത്?
   c) കലാമണ്ഡലം കൃഷ്ണൻനായർ ഏത് നൃത്തശാഖയിലാണ് പ്രശസ്തനായത്?

2. സംസ്ഥാനങ്ങളും നൃത്തരൂപങ്ങളും നൽകിയിരിക്കുന്നു. അനുയോജ്യമായവ ചേർത്തെഴുതുക

a) കേരളം - ഒഡീസി
b) ഒഡിഷ - ഭരതനാട്യം
c) തമിഴ്നാട് - കഥകളി
d) ആന്ധ്രാപ്രദേശ് - മണിപ്പൂരി
e) മണിപ്പൂർ - കുച്ചുപ്പുഡി

3. താഴെ കൊടുത്തിരിക്കുന്ന നൃത്തരൂപങ്ങളെ ശാസ്ത്രീയനൃത്തരൂപങ്ങളെന്നും നാടോടി നൃത്തരൂപങ്ങളെന്നും രണ്ടായി വേർതിരിച്ചെഴുതുക
(ഭരതനാട്യം, മാർഗംകളി, തിരുവാതിരക്കളി, മോഹിനിയാട്ടം, ദഫ്മുട്ട്, കഥകളി)

**മേഖല - നാടകം**

1)

'സൂക്ഷിച്ചാൽ ദു:ഖിക്കേണ്ട' - ഈ പഴഞ്ചൊല്ല് നാടകമായി അവതരിപ്പിക്കാൻ, നാടകീയ കഥ (ഇതിവൃത്തം) തയാറാക്കുക. (സ്ഥലം, കാലം, ക്രിയാസൂചനകൾ, രംഗസജ്ജീകരണം, രംഗോപകരണങ്ങൾ തുടങ്ങിയവ സൂചിപ്പിക്കണം. സംഭാഷണം എഴുതേണ്ടതില്ല)

2)

നിങ്ങൾ കണ്ട/വായിച്ച ഏതെങ്കിലും ഒരു നാടകത്തെക്കുറിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

3)

സ്കൂളിലേക്ക് പോകുന്ന വഴിയിലാണ് മൂവാണ്ടൻ മാവ്. മാവിന്റെ ചില്ലയിൽ കൂടുകെട്ടി അമ്മക്കിളി അടയിരിയ്ക്കുകയാണ്. ഹായ്! ആകാശത്തിന്റെ നിറമുള്ള മിനുമിനുത്ത മുട്ടകൾ. പെട്ടെന്നാണ് കാറ്റ് വീശിയത്. കൂട് താഴെ വീണു. അയ്യോ...! കിളിമുട്ടകൾ ........ പാവം തള്ളക്കിളി ചിറകടിച്ച് കരഞ്ഞു. തീറ്റ തേടിപ്പോയ അച്ഛൻ കിളി പറന്ന് അമ്മക്കിളിയുടെ അരികിലെത്തി.
ഇവർ തമ്മിലുള്ള സംഭാഷണം എഴുതി നോക്കൂ.

## പ്രവൃത്തി പഠനം

1. താഴെ പറയുന്നവയിൽ ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സംരക്ഷിക്കുന്നതിന് ഉപയോഗിക്കാത്തത് ഏത്?
(തേൻ, പഞ്ചസാര, ഉപ്പ്, പാൽ)

2. കിണറ്റിൽ ക്ലോറിനേഷൻ നടത്തുന്നത് രാത്രികാലങ്ങളിലാണ്.
(ശരി, തെറ്റ്)

3. ചേരുംപടി ചേർക്കുക.

a) വാൾഹാംങ്ങർ - ബയന്റിംഗ് സൂചി 2
b) ബുക്ക് - ചിക്കൻ ഗുനിയ 4
c) സലാഡ് - ഡിസ്പോസിബിൾ പേപ്പർഗ്ലാസ്സ് 1
d) കൊതുക് - തൈര് 3

4. വർണ്ണക്കടലാസുകൾ ഉപയോഗിച്ച് പൂക്കൾ നിർമിയ്ക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ ലിസ്റ്റ് ചെയ്യുക?

5. സ്കൂളിലോ, വീടിന്റെ പരിസരത്തോ, നട്ടുവളർത്താറുള്ള ഔഷധസസ്യങ്ങളുടെ പേരെഴുതുക?

6. ഒരു തലയിണ കവർ ഫാബ്രിക്പെയിന്റ് ചെയ്ത് മനോഹരമാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ?

**7 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക**

7. ഒരു ഷീറ്റ് പേപ്പർ ഉപയോഗിച്ച് കളിവള്ളം നിർമ്മിക്കുന്ന പ്രവർത്തനത്തിന്റെ വർക്ക് ഡയറി എഴുതുക?

8. ഭക്ഷ്യയോഗ്യമായ സസ്യങ്ങളും, സസ്യഭാഗങ്ങളും ഉൾപ്പെടുത്തി ഒരു പട്ടിക കൊടുത്തിരിക്കുന്നു. പൂർത്തീകരിക്കുക. (×,✓) ഈ ചിഹ്നങ്ങൾ ഉപയോഗിക്കുക

| ക്രമനമ്പർ | പേര് | ഇല | കാണ്ഡം | പൂവ് | കായ് |
|---|---|---|---|---|---|
| A | മുരിങ്ങ | ✓ | × | ✓ | ✓ |
| B | | | | | |
| C | | | | | |
| D | | | | | |
| E | | | | | |
| F | | | | | |
| G | | | | | |

## ആരോഗ്യ കായിക വിദ്യാഭ്യാസം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്ന് ഉത്തരം എടുത്ത് എഴുതുക**

(4 x 1)

1. കായികപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ശരീരോഷ്മാവ്, ഹൃദയമിടിപ്പ് എന്നിവക്കു സംഭവിക്കുന്ന മാറ്റം എന്ത്?

   (കുറയുന്നു, കൂടുന്നു, മാറ്റമില്ല, ഇവയൊന്നുമല്ല)

2. ശാസ്ത്രീയമായി ഉയരം രേഖപ്പെടുത്തുന്നതിനുള്ള ഉപകരണം ഏത്?

   (തെർമോമീറ്റർ, ബാരോമീറ്റർ, സ്റ്റേഡിയോമീറ്റർ, അനിമോമീറ്റർ)

3. സന്ധികളിലെ ചലനസ്വാതന്ത്ര്യ തോതായ അയവ് പരിശോധിക്കുന്നതിന് ഉപയോഗിക്കുന്ന കായികക്ഷമതാ പരിശോധന ഏത്?

   (സിറ്റ് അപ്പ്, സിറ്റ് ആന്റ് റീച്ച്, മോഡിഫൈഡ്പുൾഅപ്പ്, ഒരുമൈൽഓട്ടം)

4. 2013-ൽ അമേരിക്കയിൽ വെച്ച് നടന്ന ലോക ഡ്വാർഫ് ഗെയിംസിൽ 4 സ്വർണ്ണ മെഡലുകൾ നേടിയ ഇന്ത്യക്കാരൻ ആര്?

(ടോം ജോസഫ്, ജോബി മാത്യു, പി ടി ഉഷ, കിഷോർകുമാർ)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.** (4x2=8)

5. ചുറുചുറുക്ക് (Agility) എന്നാൽ എന്ത്?

6. സ്കൂൾ കുട്ടികൾക്കായി നടത്തുന്ന ഗെയിംസ് മത്സരങ്ങളുടെ സ്കൂൾ തലം മുതൽ ദേശീയതലം വരെയുള്ള മത്സരങ്ങളുടെ ഒരു ഫ്ളോചാർട്ട് വരക്കുക?

A → B → റവന്യൂജില്ലാ തലം → C → സംസ്ഥാന തലം → D

7. ചതവ് എന്നാൽ എന്ത്? ലക്ഷണങ്ങൾ എന്തെല്ലാം?

8. പ്രഥമശുശ്രൂഷയിൽ (RICE)എന്ന വാക്കിൽ ഓരോന്നും എന്തിനെ സൂചിപ്പിക്കുന്നു?

9. കായികപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഒരു വ്യക്തിക്കു ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാം?

**10-11 ചോദ്യങ്ങൾക്ക് ഏതെങ്കിലും ഒരെണ്ണത്തിനു മാത്രം ഉത്തരം എഴുതുക** (1x3=3)

10. സുരക്ഷിതമായ കളിസ്ഥലങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?

11. ചിത്രം നിരീക്ഷിച്ച് അവയെ സംബന്ധിച്ച വിവരങ്ങൾ എഴുതുക?



ചിത്രം 1

a)ഉപകരണത്തിന്റെ പേര് ..............................

b)കളിയുടെ പേര് ..............................

c)നിർമാണവസ്തു ..............................



ചിത്രം 2

a)ഉപകരണത്തിന്റെ പേര് ..............................

b)കളിയുടെ പേര് ..............................

c)നിർമാണവസ്തു ..............................